**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2093** **16-03-2022 - ൽ മറുപടിയ്ക്ക്**

**ഫയർ&റസ്ക്യൂ - ആധുനിക സംവിധാനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | null<br>(മുഖ്യമന്ത്രി) | |
| (എ) | ജനങ്ങൾക്ക് സുരക്ഷയും സേവനവും മികവുറ്റതാക്കുവാൻ കേരളത്തിലെ ഫയർ&റസ്ക്യൂ വിഭാഗത്തിന് എന്തെല്ലാം ആധുനിക സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്; | (എ) | വാർഷിക പദ്ധതിയിനത്തിലെ ഫണ്ട് ഉപയോഗിച്ച് അത്യാധുനിക സംവിധാനങ്ങളോട്ടുകൂടിയ വാഹനങ്ങളും ഉപകരണങ്ങളും വകുപ്പിൽ ലഭ്യമാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം എ ആയി ചേർത്തിട്ടുണ്ട്. കൂടാതെ അനുബന്ധം ബി പ്രകാരമുള്ള അത്യാധുനിക സംവിധാനങ്ങളോട്ടുകൂടിയ മറ്റനേകം ഉപകരണങ്ങളും വാഹനങ്ങളും വാങ്ങുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ചു വരികയാണ്. ജനങ്ങൾക്ക് നൽകുന്ന സുരക്ഷയും സേവനവും മികച്ചതാക്കുന്നതിനായി ജീവനക്കാർക്ക് റോപ്പ് റെസ്ക്യൂ ട്രെയിനിംഗ്, ബേസിക് ഓപ്പൺ വാട്ടർ ഡൈവിംഗ് പരിശീലനം, അഡ്വാൻസ്ഡ് ഓപ്പൺ വാട്ടർ ഡൈവിംഗ് പരിശീലനം, കെമിക്കൽ എമർജൻസി കോഴ്സ്, നേവിയുടെ ആഭിമുഖ്യത്തിൽ ഡൈവിംഗ് പരിശീലനം, ജലഗതാഗത വകുപ്പ് മുഖേന സ്രാങ്ക് ലൈസൻസ് എടുക്കുന്നതിനുള്ള പരിശീലനം, എന്നിവയും നൽകിവരുന്നു. |
| (ബി) | കരയിലും ജലത്തിലും റസ്ക്യൂ സംവിധാനം ഒരുപോലെ ആവശ്യമായി വരുന്ന ആലപ്പുഴ പോലെയുള്ള തീരദേശ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഉള്ള ഫയർ&റസ്ക്യൂ സംവിധാനത്തെ മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; | (ബി) | ആലപ്പുഴയിലേതുപോലെ ജലാശയങ്ങളുമായി ബന്ധപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ രക്ഷാപ്രവർത്തനത്തിന് ഔട്ട് ബോർഡ് എഞ്ചിനോട്ടുകൂടിയ റബ്ബർ ഡിങ്കി, ഔട്ട് ബോർഡ് എഞ്ചിനോട്ടുകൂടിയ ഫൈബർ ബോട്ട്, സ്കൂബ സെറ്റ് എന്നിവ സഹിതം പരിശീലനം ലഭിച്ച ജീവനക്കാരെ നിലയങ്ങളിൽ സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ ആലപ്പുഴ ജില്ലയിലെ പുന്നമട ഫിനിഷിംഗ് പോയിന്റിൽ ഫ്ലോട്ടിംഗ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള ശുപാർശയും സർക്കാർ പരിശോധിച്ചുവരുന്നു. |
| (സി) | ഉയർന്ന മലമ്പ്രദേശങ്ങളിലും മറ്റും ഒറ്റപ്പെടുന്നവരെ കണ്ടെത്തുന്നതിനും, റെസ്ക്യൂ ചെയ്യുന്നതിനും കഴിയും വിധം സേനയെ കൂടുതൽ കരുത്തുറ്റതാക്കാൻ | (സി) | മലമ്പുഴ അപകടത്തിന്റെ പശ്ചാത്തലത്തിൽ ഉയർന്ന മലമ്പ്രദേശങ്ങളിലും ചെങ്കുത്തായ മലനിരകളിലും അകപ്പെട്ടവരെ കണ്ടെത്തുന്നതിനും മറ്റും വകുപ്പിൽ ഡ്രോണുകൾ വാങ്ങുന്നതിനുള്ള |

| | | | |
|---|---|---|---|
| | എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്? | | നടപടികൾ അന്തിമഘട്ടത്തിലാണ്. കൂടാതെ രക്ഷാപ്രവർത്തനത്തിനായി സേഫ്റ്റി ബെൽറ്റ്, റോപ്പ്, അനുബന്ധ ഉപകരണങ്ങൾ എന്നിവ വകുപ്പിൽ ലഭ്യമാണ്. വലിയ അപകടങ്ങളിലും പ്രകൃതി ദുരന്തങ്ങളിലും സമയബന്ധിതമായി രക്ഷാപ്രവർത്തനം നടത്തുന്നതിനായി വകുപ്പിൽ സ്പെഷ്യൽ ടാസ്ക് ഫോഴ്സ് രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരെ തിരഞ്ഞെടുത്ത് പരിശീലനം നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം എ

| Sl No | Item |
|---|---|
| 1 | Advance Rescue Tender |
| 2 | Water Tender |
| 3 | Foam Tender |
| 4 | First Response Vehicle |
| 5 | Multi Utility Vehicle |
| 6 | Ambulance |
| 7 | Bullet with Water mist |
| 8 | Store Van |
| 9 | Jeep |
| 10 | Breathing Air Compressor |
| 11 | Rubber Dinghy With OB Engine |
| 12 | Fibre Boat with OB Engine |
| 13 | Fire Fighting Suits |
| 14 | Float Pump |
| 15 | Foam Compound |
| 16 | Rain Coat |
| 17 | Various Battery & Tyres |
| 18 | Hand Controlled Multi Purpose Nozzle |
| 19 | Demolishing Hammer |
| 20 | Mobilizing Van |
| 21 | Kermantle Rope |
| 22 | Aquatic Rescue Jackets |
| 23 | Hydraulic Rescue Tool Set |
| 24 | Chainsaw |
| 25 | Breathing Apparatus Sets |
| 26 | Scuba Sets with Diving Suits |
| 27 | Computer & Accessories |

സെക്ഷൻ ഓഫീസർ

**അനുബന്ധം ബി**

| Sl No | Item |
|---|---|
| 1 | Turn Table Ladder |
| 2 | DCP Tender |
| 3 | Water Tender |
| 4 | Water Lorry |
| 5 | Walkie Talkie |
| 6 | Incident Command Vehicle |
| 7 | Crisis Control Vehicle |
| 8 | Crisis Management Vehicle |
| 9 | Scuba Van |
| 10 | High Capacity Dewatering Pump |
| 11 | Exhoast Blower |
| 12 | Poly Propylene Rope (100 Mtrs) |
| 13 | Fire Tender |
| 14 | First response Vehicle |
| 15 | Troop Carier for Civil Defence. |

സെക്ഷൻ ഓഫീസർ